# കേരളസർവകലാശാല

നം.പി.ആർ.75/2021

## പത്രക്കുറിപ്പ്

### കേരളസർവകലാശാല പാളയം ക്യാമ്പസ് ക്യാഷ് കൗണ്ടർ ഏപ്രിൽ 5, 7 തീയതികളിലെ പ്രവർത്തനം പരിമിതം

കേരളസർവകലാശാല പാളയം ക്യാമ്പസിലെ ക്യാഷ് കൗണ്ടർ ഏപ്രിൽ 5, 7 തീയതികളിൽ പരിമിതമായ രീതിയിൽ മാത്രമേ പ്രവർത്തിക്കുകയുള്ളൂ. ഈ ദിവസങ്ങളിൽ ഫീസ് ഒടുക്കുവാൻ വിദ്യാർത്ഥികൾ ഓൺലൈൻ സംവിധാനം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. കോളേജിൽ നിന്നും മറ്റുമുള്ള മൊത്തത്തിലുള്ള പണം ഒടുക്കലുകൾ മേൽപ്പറഞ്ഞ ദിവസങ്ങളിൽ അനുവദിക്കുന്നതല്ലെന്നും, ആയവ ഏപ്രിൽ 8 മുതൽ പുനരാരംഭിക്കുമെന്നും അറിയിക്കുന്നു.

### ടൈംടേബിൾ

കേരളസർവകലാശാല ഏപ്രിൽ 15 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ ബി.എ. ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ (2018 അഡ്മിഷൻ – റെഗുലർ/2016 – 2017 അഡ്മിഷൻ – സപ്ലിമെന്ററി) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

കേരളസർവകലാശാല മാർച്ച് 18 മുതൽ ആരംഭിച്ച നാലാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എസ്.സി. സ്പെഷ്യൽ പരീക്ഷയുടെ ഭാഗമായിട്ടുള്ള ഫിസിക്സ് പ്രാക്ടിക്കൽ പരീക്ഷ ഏപ്രിൽ 9 മുതൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### വൈവ വോസി

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസകേന്ദ്രം 2021 ഫെബ്രുവരിയിൽ നടത്തിയ മൂന്ന്, നാല് സെമസ്റ്റർ എം.എസ്.സി. മാത്തമാറ്റിക്സ് (2018 അഡ്മിഷൻ) പരീക്ഷയുടെ വൈവ വോസി ഏപ്രിൽ 8, 9, 13, 15 എന്നീ തീയതികളിൽ കാര്യവട്ടം വിദൂരവിദ്യാഭ്യാസകേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്. വിദ്യാർത്ഥികൾ ഡെസർട്ടേഷന്റെ രണ്ട് കോപ്പിയും ഹാൾടിക്കറ്റുമായി പരീക്ഷാകേന്ദ്രത്തിൽ ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ:0471 – 2386442

കേരളസർവകലാശാല 2021 ജനുവരിയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. ഹിന്ദി (വിദൂരവിദ്യാഭ്യാസം – 2018 അഡ്മിഷൻ, സപ്ലിമെന്ററി 2017 അഡ്മിഷൻ) പരീക്ഷയുടെ വൈവാ വോസി ഏപ്രിൽ 9 ന് കാര്യവട്ടം വിദൂരവിദ്യാഭ്യാസകേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

# പരീക്ഷാഫീസ്

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസകേന്ദ്രം നടത്തുന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.ബി.എ. (2019 & 2018 അഡ്മിഷൻ) റെഗുലർ, ഇംപ്രൂവ്മെന്റ് ആന്റ് സപ്ലിമെന്ററി, ബി.എസ്.സി. മാത്തമാറ്റിക്സ് (2019, 2018 & 2017 അഡ്മിഷൻ റെഗുലർ, ഇംപ്രൂവ്മെന്റ് ആന്റ് സപ്ലിമെന്ററി) എന്നീ പരീക്ഷകൾക്ക് ഏപ്രിൽ 5 മുതൽ ഓൺലൈനായി അപേക്ഷിക്കാം. പിഴകൂടാതെ ഏപ്രിൽ 15 വരെയും 150 രൂപ പിഴയോടെ ഏപ്രിൽ 19 വരെയും 400 രൂപ പിഴയോടെ ഏപ്രിൽ 21 വരെയും ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക് റിലേഷൻസ് ഓഫീസർ

**തിരുവനന്തപുരം.**
03.04.2021

For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**

**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**